ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 31.01.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പാർലമെൻറിൻറെ ബജറ്റ് സമ്മേളനത്തിന് രാഷ്ട്രപതിയുടെ അഭിസംബോധനയോടെ തുടക്കം. ആഗോള അസ്ഥിരതകൾക്കിടയിൽ, സാമ്പത്തിക - സാമൂഹിക - രാഷ്ട്രീയ സ്ഥിരതയുടെ മാതൃകയായി ഇന്ത്യ മാറിയെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു
   **Budget Session of Parliament begins with President's Address to joint sitting of both Houses; President Droupadi Murmu says, amidst global instability, India is setting an example by emerging as a pillar of economic, social and political stability.**

2. അടുത്ത സാമ്പത്തിക വർഷം രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉൽപാദനം 6.8 ശതമാനം വരെ വളർച്ച കൈവരിക്കുമെന്ന് സാമ്പത്തിക സർവേ റിപ്പോർട്ട്; കേരളത്തിന്റെ തദ്ദേശ സ്വയംഭരണ മാതൃകയ്ക്ക് റിപ്പോർട്ടിൽ അഭിനന്ദനം.
   **Economic Survey Report Predicts 6.8% Growth in India's GDP for the Next Fiscal Year; Commends Kerala's Local Self-Governance Model.**

3. വികസിത ഭാരതമെന്ന ലക്ഷ്യത്തിന് പാർലമെന്റിന്റെ ബജറ്റ് സമ്മേളനം ഊർജ്ജം പകരുമെന്ന് പ്രധാനമന്ത്രി. ധനമന്ത്രി നിർമല സീതാരാമൻ നാളെ കേന്ദ്രബജറ്റ് അവതരിപ്പിക്കും.
   **Prime Minister Narendra Modi expresses confidence that Budget Session will infuse new confidence and energy in attaining the goal of Viksit Bharat. Finance Minister Nirmala Sitharaman to Present Union Budget Tomorrow.**

4. കേരളത്തിൽ അടുത്ത മാസം മുതൽ വൈദ്യുതി ചാർജ് യൂണിറ്റിന് 9 പൈസ കുറയുമെന്ന് മന്ത്രി കെ. കൃഷ്ണൻകുട്ടി.

Electricity Charges in Kerala to Drop by 9 Paise per Unit Starting Next Month: Minister K. Krishnankutty.

5. 38 -ാമത് ദേശീയ ഗെയിംസിൽ കേരളത്തിന് അഞ്ചാം മെഡൽ; ബീച്ച് ഹാൻഡ് ബോൾ വനിതാ വിഭാഗത്തിൽ വെള്ളി മെഡൽ നേട്ടം.

Kerala Wins Fifth Medal at 38th National Games; Silver in Women's Beach Handball.

## PRESIDENT ADDRESS

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ അഭിസംബോധനയോടെ പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് തുടക്കമായി. രാഷ്ട്ര വികസനത്തിനും ജന ക്ഷേമത്തിനും മുൻഗണന നൽകിയാണ് കേന്ദ്ര സർക്കാർ മുന്നോട്ടു പോകുന്നതെന്ന് ഇരുസഭകളുടേയും സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്ത രാഷ്ട്രപതി പറഞ്ഞു. ആഗോള അസ്ഥിരതകൾക്കിടയിൽ, സാമ്പത്തിക - സാമൂഹിക - രാഷ്ട്രീയ സ്ഥിരതയുടെ സ്തംഭമായി ഇന്ത്യ മാറിയെന്ന് ശ്രീമതി മുർമു പറഞ്ഞു. കേന്ദ്ര സർക്കാരിന്റെ സുപ്രധാന പദ്ധതികളുടെ നേട്ടങ്ങളെക്കുറിച്ചും രാഷ്ട്രപതി വിശദമാക്കി. ഭരണഘടനാ ശിൽപി ഡോ. ബി.ആർ. അംബേദ്കർക്കും, ഭരണഘടനാ നിർമാണ സഭയിലെ മറ്റ് അംഗങ്ങൾക്കും ആദരം അർപ്പിച്ചുകൊണ്ടാണ് രാഷ്ട്രപതി അഭിസംബോധന ആരംഭിച്ചത്.

## PM- BUDGET

യുവാക്കൾക്ക് മികച്ച അവസരങ്ങളുള്ള ഒരു ഇന്ത്യ എന്ന കാഴ്ചപ്പാടാണ് രാഷ്ട്രപതിയുടെ പ്രസംഗത്തിലുള്ളതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. എല്ലാ മേഖലകളിലെയും ഭാവി വികസനം എടുത്തുപറയുന്നതായിരുന്നു അഭിസംബോധനയെന്നും അദ്ദേഹം പറഞ്ഞു. 2047-ഓടെ വികസിത ഭാരതമെന്ന ലക്ഷ്യം കൈവരിക്കുന്നതിന് ബജറ്റ് സമ്മേളനം ആത്മവിശ്വാസവും ഊർജവും പകരുമെന്ന് സമ്മേളനത്തിന് മുന്നോടിയായി പ്രധാനമന്ത്രി മാധ്യമങ്ങളോട് പ്രതികരിച്ചിരുന്നു. വികസിത രാഷ്ട്രം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് എല്ലാ പാർലമെൻറ് അംഗങ്ങളും സഹകരിക്കണമെന്നും പ്രധാനമന്ത്രി അഭ്യർത്ഥിച്ചു.

## ECONOMIC SUREVY(INTRO)

അടുത്ത സാമ്പത്തിക വർഷം രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉൽപാദനം 6.3 ശതമാനം മുതൽ 6.8 ശതമാനം വരെ വളർച്ച കൈവരിക്കുമെന്ന് സാമ്പത്തിക സർവേ റിപ്പോർട്ട്. 2024-2025 കാലയളവിലെ സാമ്പത്തിക സർവ്വെ റിപ്പോർട്ട് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ പാർലമെന്റിന്റെ മേശപ്പുറത്ത് വെച്ചു.

(ഹോൾഡ് വോയിസ്)

കാർഷിക മേഖലയും, അനുബന്ധ മേഖലകളുമാണ് മൊത്തം ജി.ഡി.പിയുടെ 16 ശതമാനവും സംഭാവന ചെയ്യുത്. 2020 മുതൽ 24 വരെയുള്ള കാലയളവിൽ അടിസ്ഥാന സൗകര്യ മേഖല 38.8 ശതമാനം വളർച്ച കൈവരിച്ചു. റെയിൽവേ, റോഡ് ശൃംഖലകളുടെ ദൈർഘ്യം വർദ്ധിപ്പിക്കാനായതും, പുതിയ വന്ദേഭാരത് ട്രെയിൻ സർവീസുകൾ ആരംഭിക്കാനായതും നേട്ടങ്ങളായി സാമ്പത്തിക സർവേയിൽ പറയുന്നു. ബാങ്കിങ്ങ്, സ്റ്റോക്ക്, ഇൻഷുറൻസ് മേഖലകളും നടപ്പു സാമ്പത്തിക വർഷം മികച്ച പ്രകടനം കാഴ്ചവച്ചു. ടെലികമ്യൂണിക്കേഷൻ രംഗത്തെ രണ്ടാമത്തെ വലിയ കയറ്റുമതി രാജ്യമാണ് ഇന്ത്യ. സ്മാർട്ട് ഫോൺ ഇറക്കുമതി കുറയ്ക്കാൻ സാധിച്ചതായും, 99 ശതമാനം ഉത്പാദനവും ആഭ്യന്തരമായി നിർവഹിക്കാൻ രാജ്യം പര്യാപ്തമായതായും സർവേ പറയുന്നു. സാമൂഹിക സേവന രംഗത്ത് ചെലവാക്കുന്ന തുകയിൽ കഴിഞ്ഞ 5 വർഷത്തിനിടെ 15 ശതമാനം വർദ്ധനയുണ്ടായി. ആരോഗ്യമേഖലയ്ക്കായി സർക്കാർ ചെലവിടുന്ന തുക 28 ൽ നിന്നും 48 ശതമാനമായി ഉയർന്നു. 2017-18 ൽ 6 ശതമാനമായിരുന്ന തൊഴിലില്ലായ്മ നിരക്ക് 2023-24 ൽ 3.2 ശതമാനമായി കുറഞ്ഞു. പിഎം ഇൻറേൺഷിപ്പ് പദ്ധതി തൊഴിൽ മേഖലയിലെ വളർച്ചയ്ക്ക് ആക്കം കൂട്ടിയതായും സർവ്വേ കണക്കാക്കുന്നു. വിവിധ മേഖലകളിലെ കേരളത്തിന്റെ പ്രവർത്തനങ്ങൾക്കും സാമ്പത്തിക സർവേയിൽ അഭിനന്ദനം. കേരളത്തിലെ മാലിന്യ നീക്കം മാതൃകാപരമാണെന്നും, തദ്ദേശ സ്ഥാപനങ്ങളിലൂടെ സുസ്ഥിര വികസനം നടപ്പാക്കുന്നതിൽ സംസ്ഥാനം മികച്ചു നിൽക്കുന്നതായും സർവേയിൽ വ്യക്തമാക്കുന്നു.

## UNION BUDGET

2025-26 ലെ കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമല സീതാരാമൻ നാളെ അവതരിപ്പിക്കും. ശ്രീമതി നിർമ്മല സീതാരാമന്റെ എട്ടാം ബജറ്റ് അവതരണമാണിത്. മൂന്നാം നരേന്ദ്ര മോദി സർക്കാരിന്റെ ആദ്യ സമ്പൂർണ ബജറ്റാണ് നാളെ പാർലമെന്റിൽ അവതരിപ്പിക്കുക. കൃഷി, തൊഴിൽ, അടിസ്ഥാന സൗകര്യ വികസനം, വിദ്യാഭ്യാസം തുടങ്ങിയ

മേഖലകളിലെ ആകർഷണീയമായ പ്രഖ്യാപനങ്ങളും, ആദായ നികുതിയിലെ ഇളവുകളും അറിയാൻ രാജ്യം പ്രതീക്ഷയോടെയാണ് ബജറ്റിനെ ഉറ്റു നോക്കുന്നത്. വയനാടിനും, വിഴിഞ്ഞത്തിനുമായി സാമ്പത്തിക സഹായം, പ്രത്യേക സാമ്പത്തിക പാക്കേജ്, വായ്പാ പരിധിയിലെ വർദ്ധന എന്നിവയിലാണ് കേരളത്തിന്റെ പ്രതീക്ഷ.

## CEA-ECO SURVEY (INTRO)

2047-ഓടെ വികസിത സമ്പദ്‌വ്യവസ്ഥ എന്ന പദവി കൈവരിക്കുന്ന തിന് രാജ്യത്തിന് സാമൂഹിക പ്രതിബദ്ധതയുള്ള സ്വകാര്യമേഖല അനിവാര്യമെന്ന് മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് വി. അനന്ത് നാഗേശ്വരൻ. സാമ്പത്തിക സർവേ റിപ്പോർട്ട് സംബന്ധിച്ച് ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മൈക്രോ ഇറിഗേഷൻ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിൽ ഇന്ത്യ മികച്ച പ്രകടനം കാഴ്ചവച്ചതായി അദ്ദേഹം പറഞ്ഞു. കോവിഡ് മഹാമാരിയുടെ സ്വാധീനം പൂർണ്ണമായും ഇല്ലാതായെന്നും അനന്ത് നാഗേശ്വരൻ അഭിപ്രായപ്പെട്ടു.

(വോയിസ്....)

## RASHTRAPATI BHAWAN

പാർലമെൻറിലെ രാഷ്ട്രപതിയുടെ അഭിസംബോധന സംബന്ധിച്ച കോൺഗ്രസ് നേതാക്കളുടെ പരാമർശത്തെ വിമർശിച്ച് രാഷ്ട്രപതിഭവൻ. പാർശ്വവത്കരിക്കപ്പെട്ടവർക്കും സ്ത്രീകൾക്കും കർഷകർക്കും വേണ്ടി സംസാരിക്കുന്നത് ഒരിക്കലും ക്ഷീണമേകുന്ന പ്രവൃത്തിയായി രാഷ്ട്രപതി കരുതുന്നില്ലെന്ന് രാഷ്ട്രപതി ഭവൻ പ്രസ്താവനയിൽ വ്യക്തമാക്കി. കോൺഗ്രസ് പാർട്ടിയിലെ ചില മുതിർന്ന നേതാക്കൾ വിഷയത്തിൽ നടത്തിയ പരാമർശങ്ങൾ രാഷ്ട്രപതി ഭവൻറെ അന്തസ്സിന് മുറിവേൽപ്പിക്കുന്നതാണെന്നും ഇത് ഒരു തരത്തിലും അംഗീകരിക്കാനാകില്ലെന്നും രാഷ്ട്രപതിഭവൻ പറഞ്ഞു.

## DELHI ELECTION

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ പാർട്ടികൾ. ബിജെപിയുടെ മുതിർന്ന നേതാവും

പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി ഇന്ന് ദ്വാരക സബ്സിറ്റിയിൽ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യു. ആം ആദ്മി പാർട്ടി കൺവീനർ അരവിന്ദ് കെജ്രിവാൾ, എഎപി നേതാവും പഞ്ചാബ് മുഖ്യമന്ത്രിയുമായ ഭഗവന്ത് മൻ തുടങ്ങിയവരും വിവിധ മണ്ഡലങ്ങളിലെ പൊതുയോഗങ്ങളിൽ പങ്കെടുത്തു. കോൺഗ്രസ് നേതാക്കളായ രാഹുൽ ഗാന്ധി, പ്രിയങ്ക ഗാന്ധി തുടങ്ങിയവർ മാഡിപൂർ, മുസ്തഫാബാദ് തുടങ്ങിയ ഇടങ്ങളിൽ റോഡ് ഷോയും റാലിയും നടത്തി. ഫെബ്രുവരി അഞ്ചിനാണ് ഡൽഹിയിൽ വോട്ടെടുപ്പ്. വോട്ടെണ്ണൽ എട്ടിന് നടക്കും.

## AAP-EC

ഹരിയാന സർക്കാരിനെതിരെ നടത്തിയ പരാമർശത്തിൽ വിശദീകരണം തേടി തിരഞ്ഞെടുപ്പ് കമ്മീഷൻ അയച്ച നോട്ടീസിന് ആം ആദ്മി പാർട്ടി നേതാവ് അരവിന്ദ് കെജ്രിവാൾ ഇന്ന് വിശദമായ മറുപടി നൽകി. യമുന നദിയിലെ അമോണിയയുടെ അളവ് വർധിക്കുന്ന പശ്ചാത്തലത്തിലാണ് പരാമർശം നടത്തിയതെന്നും ഇതുമൂലം ഉണ്ടാകാവുന്ന പാരിസ്ഥിതിക പ്രശനങ്ങൾ ചൂണ്ടിക്കാണിക്കുക മാത്രമായിരുന്നു ലക്ഷ്യമെന്നും കെജ്രിവാൾ വ്യക്തമാക്കി. മറുപടി വിശദമായി പഠിച്ച് തീരുമാനം എടുക്കുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

## MEA PM US

ഇന്ത്യ-യുഎസ് സമഗ്ര ആഗോള തന്ത്രപര പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്താൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ യുഎസ് സന്ദർശനം വഴിയൊരുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം. സന്ദർശനത്തിൻ്റെ തീയതി വൈകാതെ പ്രഖ്യാപിക്കുമെന്ന് മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. മുംബൈ ഭീകരാക്രമണക്കേസിലെ പ്രതി തഹാവുർ റാണയെ കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

## ELECTRICITY CHARGE

കേരളത്തിൽ അടുത്ത മാസം മുതൽ വൈദ്യുതി ചാർജ് യൂണിറ്റിന് 9 പൈസ കുറയുമെന്ന് മന്ത്രി കെ കൃഷ്ണകുട്ടി. റെഗുലേറ്ററി കമ്മീഷന്റെ സർചാർജ്ജ് ഈടാക്കൽ ഈ മാസം അവസാനിക്കുന്ന പശ്ചാത്തലത്തി ലാണ് തീരുമാനം. എന്നാൽ, KSEB സ്വന്തം നിലയിൽ ഈടാക്കുന്ന 10 പൈസ സർചാർജ്ജ് അടുത്ത മാസവും തുടരുമെന്ന് മന്ത്രിയുടെ ഓഫീസ് അറിയിച്ചു.

## NATIONAL GAMES

38 -ാമത് ദേശീയ ഗെയിംസിൽ ബീച്ച് ഹാൻഡ് ബോൾ വനിതാ വിഭാഗത്തിൽ കേരളത്തിന് വെള്ളി. കേരളത്തിൻറെ അഞ്ചാം മെഡലാണിത്. വനിതകളുടെ വാട്ടർ പോളോയിൽ ഒഡീഷയെ പരാജയപ്പെടുത്തി കേരളം സെമി ഫൈനലിൽ പ്രവേശിച്ചു. പുരുഷ ബാഡ്മിൻറണിൽ കർണാടകയെയും, വനിതാ വിഭാഗത്തിൽ പഞ്ചാബിനെയും പരാജയപ്പെടുത്തിയാണ് കേരളം സെമിയിൽ കടന്നത്. 8 സ്വർണം ഉൾപ്പെടെ 16 മെഡലുകളുമായി സർവീസസ് ഒന്നാം സ്ഥാനത്തും, കർണാടകയും, മണിപ്പൂരും രണ്ടും മൂന്നും സ്ഥാനങ്ങളിലുമാണ്.

## ISL

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് മുംബൈ സിറ്റി - ഈസ്റ്റ് ബംഗാൾ പോരാട്ടം. മുംബൈയിലാണ് മത്സരം.

## MAHAKUMBH - JUDICIAL COMMISSION

മഹാകുംഭ മേളയ്ക്കിടെ തിക്കിലും തിരക്കിലും പെട്ട് ആളുകൾ മരിക്കാനിടയായ സാഹചര്യം പരിശോധിക്കാൻ ഉത്തർപ്രദേശ് സർക്കാർ രൂപീകരിച്ച ജുഡീഷ്യൽ കമ്മീഷൻ ഇന്ന് പ്രയാഗ്‌രാജ് സന്ദർശിച്ചു. പരിപാടികളുടെ ക്രമീകരണങ്ങളും നടത്തിപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി കമ്മീഷൻ കൂടിക്കാഴ്ച നടത്തി. ഒരു മാസത്തിനുള്ളിൽ അന്വേഷണ റിപ്പോർട്ട് നൽകും. അലഹബാദ് ഹൈക്കോടതി മുൻ ജഡ്ജി ഹർഷ് കുമാറിൻറെ നേതൃത്വത്തിലുള്ള മൂന്നംഗ കമ്മീഷനാണ് അന്വേഷണം നടത്തുന്നത്.

സംഭവത്തിൽ 30 പേർ മരിക്കുകയും 60 പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

◌◌◌◌◌◌◌◌◌◌◌◌◌◌

◌◌◌◌◌◌◌◌◌◌

◌◌◌